# മരം ഒരു വരം

എം. വി. മാത്യു

പരിസ്ഥിതി സംബന്ധമായ അറിവ് കുട്ടികൾക്ക് നൽകുന്നതിന് നോസർ-ഇന്ത്യ-പായം-670 704 ഉം കണ്ണൂർ ജില്ലാ വനവിജ്ഞാന വ്യാപന കേന്ദ്രം കണ്ണൂർ 670012ഉം സംയുക്തമായി പ്രസിദ്ധീകരിക്കുന്നു.

സംഭാവന 2 രൂപ

പ്രിയ കുഞ്ഞുമക്കളെ,

മരം ഒരു വരമാണ്, അവധിക്കാലത്ത് മാങ്ങ പറിക്കുവാൻ, മാവിൽ എറിയാത്തവരും കയറാത്തവരും ആരും ഉണ്ടാകില്ല. നല്ല വെയിലത്ത് മരത്തിന്റെ ചുവട്ടിൽ അല്പം ആശ്വാസത്തിനായി നിൽക്കാത്തവരായി ആരുമുണ്ടാകില്ല.

നമ്മുടെ ഭക്ഷണം പാകം ചെയ്യുവാൻ വിറകു നല്കുന്നത് മരമാണ്, മരത്തിന്റെ മനോഹരമായ വാതിലുകൾ നമ്മുടെ എല്ലാ വീട്ടിലും ഉണ്ട്. പണ്ട് മനോഹരമായ ചിത്രപണികളും ഉള്ള അറയും നിരയും വാതിലുകളും ഉള്ള അനവധി വീടുകളുണ്ടായിരുന്നു.

മരം കൊണ്ടു ബോട്ടും, കപ്പലും ഉണ്ടാക്കിയിരുന്നു. ഉണ്ടാക്കുന്നു. ആകർഷകമായ ഭംഗിയുള്ള ഊൺമേശയും കസേരയും ഉണ്ടാക്കുവാൻ മരം വേണം.

നമ്മുടെ അന്തരീക്ഷ മലിനീകരണം കുറക്കുന്നത് മരങ്ങളിലെ ഇലയാണ്. മരം വായുവിനെ ശുദ്ധീകരിക്കുന്നു.

ഈ മരത്തെ നമ്മൾ വെട്ടിമുറിച്ചു വേദനിപ്പിക്കുന്നു. എന്നന്നേക്കുമായി നശിപ്പിക്കുന്നു. കുഞ്ഞുമക്കളുടെ ഭാവിയാണ് ഇതു വഴി നശിക്കുന്നത്. ആയതിനാൽ ചുരുങ്ങിയത് അഞ്ചുമരം (മാവ്, പ്ലാവ്, തേക്ക്, ആഞ്ഞിലി, ആര്യവേപ്പ്) വെച്ചുപിടിപ്പിക്കുവാൻ മക്കൾക്ക് കഴിയില്ലേ. ഇതാ ഇന്നുതന്നെ ആരംഭിക്കൂ.

സ്നേഹപൂർവ്വം,

എം. വി. മാത്യു.

[അശോക ഫെല്ലോ]

# അവതാരിക.

എല്ലാ ജീവജാലങ്ങളും പരസ്പരാശ്രയത്തോട് കൂടി അഭയം പ്രാപിക്കുന്ന നമ്മുടെ ഭൂമി ഇന്ന് വിനാശത്തിന്റെ വക്കിലാണ്. പുഴകളും, അരുവികളും, തോടും കാടും, മണ്ണും, വായുവും എല്ലാം അത്യന്തികമായ പ്രതിസന്ധിയിലാണ്. ഈ ഘട്ടത്തിൽ നമ്മുടെ ഭാവി നാം എന്തുചെയ്യുന്നു. എന്ത് ചെയ്യാതിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

നമ്മുടെ ഭൂമി അതിന്റെ പൂർണ്ണ 'ആരോഗ്യത്തോടുകൂടി' ഭാവിതലമുറയ്ക്ക് വേണ്ടി സംരക്ഷിക്കേണ്ടത് നമ്മുടെ കൂട്ടായ ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വത്തിന്റെ ഒരു പങ്ക് നമുക്ക് നമ്മുടെ കുട്ടികൾക്ക് കൈമാറാം അവരെ ഭൂമിയെ സ്നേഹിക്കാൻ പഠിപ്പിക്കാം. ചെറിയ ചെറിയ പ്രവർത്തികളിലൂടെ ഭൂമിയെ ഹരിതാഭമാക്കാൻ പ്രേരിപ്പിക്കാം. പ്രകൃതിയോട് സഹകരിച്ചും, ഇണങ്ങിയും, ജീവിക്കാൻ പഠിപ്പിക്കാം. പ്രകൃതിയെ അപകടപ്പെടുത്താതെയുള്ള മനുഷ്യപുരോഗതിയെക്കുറിച്ച് ബോധവാന്മാരാക്കാം.

'മരം ഒരു വരം' എന്ന ചെറുകഥ ഹരിതാഭമായ ഭൂമിക്കുവേണ്ടിയുള്ള വഴികാട്ടിയാണ്.

'മരം ഒരു വരം' എന്ന കഥയിലൂടെ 'വികസനവും പരിസ്ഥിതി വിനാശവും' എന്ന സമകാലിക പ്രാധാന്യമുള്ള ഒരു വിഷയം വളരെ ഭംഗിയായി അവതരിപ്പിക്കാൻ ശ്രീ മാത്യുവിന് കഴിഞ്ഞിട്ടുണ്ട്. കഥയിൽ വിവരിക്കുന്ന 'പുത്തനരുവിയിലെ ജലത്തിന്റെ തണുപ്പും, 'പക്ഷികളുടെ പാട്ടിന്റെ വർണ്ണനയും കുട്ടികളിൽ പ്രകൃതി

നിരീക്ഷണത്തിന് പ്രേരണനൽകാൻ ഉതകും. അമെസെനാർ ഹാജിക്കയുടെ തോട്ടത്തിലെ 'ചക്കപ്പഴത്തിന്റെയും. ആഞ്ഞിലിക്കയുടെയും രുചി അറിയണമെന്ന് കുഞ്ഞു വായനക്കാർക്ക് തോന്നിയാൽ തെറ്റില്ല. നാട്ടിൽ ഫാക്ടറിവരുമ്പോഴുണ്ടാകുന്ന പരിസ്ഥിതി വിനാശത്തോട് പ്രതികരിക്കാനും വിനാശമില്ലാത്ത വികസനത്തിനുവേണ്ടി പ്രവർത്തിക്കാനും വികസനത്തെകുറിച്ച് പുതിയൊരുകാഴ്ചപ്പാട് കുട്ടികളിൽ ഉണ്ടാക്കുവാനും ഈ കഥ പര്യാപ്തമാണെന്നതിൽ സംശയമില്ല.

മരം ഒരു വരം എന്ന ആശയം കുട്ടികൾക്ക് ആഴത്തിൽ മനസ്സിലാക്കുന്നതിനും, കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനും പ്രേരിപ്പിക്കുന്ന സന്ദർഭങ്ങൾ ഈ കഥയിൽ ധാരാളമായിട്ടുണ്ട്.

ആശംസകളോടെ,

കെ.കെ ചന്ദ്രൻ (ഒപ്പ്)

കണ്ണൂർ
13-8-01

അസിസ്റ്റന്റ് കൺസർവേറ്റർ
ഓഫ് ഫോറസ്റ്റ്സ്

സോഷ്യൽ ഫോറസ്ട്രി കണ്ണൂർ

# മരം ഒരു വരം

പ്രേമിയും, രാജുവും, റാണിയും, രാജനും കൂട്ടുകാരാണ്. അവർ ഒരുമിച്ചാണ് എല്ലാ ദിവസവും സ്കൂളിൽ പോകുന്നതും വരുന്നതും. വീട്ടിൽ നിന്നും സ്കൂളിലേക്ക് പോകുന്ന വഴിയിൽ വലിയ ഒരു കശുമാവിൻ തോട്ടമുണ്ട്. കശുമാവിൻ തോട്ടമാണെങ്കിലും മാവ്, പ്ലാവ്, ആഞ്ഞിലി തുടങ്ങിയ ധാരാളം മരങ്ങൾ അവിടെയുണ്ട്. മാർച്ച്, ഏപ്രിൽ മെയ് മാസങ്ങളിൽ നാട്ടിലെ കുട്ടികളെല്ലാം ഈ തോട്ടത്തിലാണ് മാങ്ങ പറിക്കാനും ചക്കപ്പഴം തിന്നാനും ആഞ്ഞിലിക്ക തിന്നാനും കൂടുന്നത്. പട്ടണത്തിലുള്ള അസൈനിക്കാഹാജിയുടേതാണ് തോട്ടമെന്ന് മുതിർന്നവർ പറയുന്നത് കുട്ടികൾ കേട്ടിട്ടുണ്ട്.

കശുവണ്ടി പെറുക്കാനല്ലാതെ ഒരാവശ്യത്തിനും ആരേയും തോട്ടത്തിൽ കണ്ടിട്ടില്ല. തോട്ടത്തിനു ചുറ്റുമുള്ള ആൾക്കാർ തീകത്തിക്കുവാൻ വിറകൊടിക്കുന്നതും, പശുക്കളേയും ആടുകളേയും തീറ്റുന്നതും ഈ തോട്ടത്തിലാണ്.

ഈ തോട്ടത്തിനു നടുവിലൂടെയാണ് കുട്ടികളുടെ പുത്തനരുവി ഒഴുകുന്നത്. ആ നാട്ടിലെ എല്ലാവരും കുളിക്കുന്നത് പുത്തനരുവിയിൽ നിന്നാണ് പുത്തനരുവിയിലെ വെള്ളത്തിന് എന്തൊരു തണുപ്പാണെന്നോ? കർഷകരും തൊഴിലാളികളും പുത്തനരുവിയിലാണ് കുളിക്കുന്നത്.

അസൈനിക്കാഹാജിയുടെ തോട്ടത്തിൽ നിരവധി തരത്തിലുള്ള പക്ഷികളുണ്ട്. കുട്ടികൾ സ്കൂളിൽ പോകുമ്പോഴും വരുമ്പോഴും ഇവയെയെല്ലാം ശ്രദ്ധിക്കാറുണ്ട് എത്ര മനോഹരങ്ങളാണ് പക്ഷി

കൾ ഒരിക്കലും കാണാത്ത അസൈനാർഹാജിയെ കുട്ടികൾക്കെല്ലാം ബഹുമാനമാണ്.

ഗ്രാമത്തിലെ കുട്ടികൾ ഒളിച്ചുകളിക്കുന്നതും, പന്തുകളിക്കുന്നതും അസൈനാരുഹാജിയുടെ തോട്ടത്തിലാണ് തോട്ടത്തിൽ ചൂടറിയത്തില്ല. തിങ്ങിനിറഞ്ഞ മരങ്ങൾ, ചെടികൾ, കാട്ടുവള്ളികൾ ആ പ്രദേശത്തിനാകെ കുളിർമ നൽകുന്നു

'നമ്മുടെ വീട്ടിലെല്ലാം എന്തൊരു ചൂടാ-ഈ തോട്ടത്തിലെത്തുമ്പോൾ എന്തൊരുസുഖമാ. അല്ലെടാരാജു'-ടോമി സ്കൂളിലേക്കുള്ള യാത്രയിൽ കൂട്ടുകാരനോട് ചോദിച്ചു.

'അതെ-ഈ തോട്ടം കഴിഞ്ഞാൽ തല പൊള്ളും. നമ്മൾ വിയർക്കും എന്നാൽ ഈ തോട്ടത്തിൽ തന്നെ ഇരിക്കാൻ തോന്നും' രാജൻ പറഞ്ഞു.

'ചേച്ചി വന്നപ്പോൾ പറയുകയാ-ഓ പട്ടണത്തിലെ ചൂടിനെ കുറിച്ച്. ഈ തോട്ടത്തിൽ എത്ര സുഖമാണെന്ന്, നമ്മുടെയെല്ലാം വീട്ടിൽ ഇങ്ങനെ മരം വെച്ചു പിടിപ്പിക്കണമെന്ന്' റാണി പറഞ്ഞു

'എന്റെ ചേട്ടൻ കഴിഞ്ഞപ്രാവശ്യം ദുബായിൽ നിന്നു വന്നപ്പോൾ ഈ തോട്ടത്തിലായിരുന്നു. ഊഞ്ഞാലിൽ ആട്ടവും, മററും. ചെറുപ്പത്തിലെ ശീലം പെട്ടെന്ന് ഓർമ്മവന്നുവെന്നാണ് ചേട്ടൻ പറഞ്ഞത്.' രാജുപറഞ്ഞു.

'എന്റെ അങ്കിൾ കഴിഞ്ഞപ്രാവശ്യം അവധിക്കു വന്നപ്പോൾ ഇവിടെ വന്നിരുന്നു. ഈ തോട്ടം കണ്ട് അത്ഭുതപ്പെട്ടു. ഇപ്പോഴും ഇങ്ങനെ മരം വെച്ച് വളർത്തുന്നവരുണ്ടോ.' അങ്കിളിന് സംശയമായിരുന്നു.

'എന്താടാ നീ ഒന്നും സ്കൂളിൽ പോകുന്നില്ല സലിം, വേണു, കൃഷ്ണൻ, പാപ്പി, മേരി, റീന എന്നിവർ കളിയിലാണ് അവരോടാണ് രാജുവി ന്റെ ചോദ്യം.

'നിങ്ങളറിഞ്ഞോ? എടാ ഇന്നുകൂടിയേ ഇവിടെ ഇങ്ങിനെ കളിക്കുവാൻ സാധിക്കു. വേണമെങ്കിൽ കൂടിക്കോ' സലിം പറഞ്ഞു.

'എന്താടാ സലിം, നാളെമുതൽ നമ്മുടെ തോട്ട ത്തിനെന്തുപററും' ചുററും മതിൽ കെട്ടുമോ? ന മ്മളെ കയററില്ലയോ?, എല്ലാകുട്ടികളും ഒരുമിച്ചു ചോദിച്ചു.

'ഇന്നലെ ഉപ്പ പറയുന്നതു കേട്ടു. ഇവിടെ വലിയൊരു ഫാക്ടറി വരുവാൻ പോകുന്നു. ഈ നാട്ടിലുള്ള വളരെപേർക്ക് തൊഴിൽ കിട്ടും,, സ ലിം പറഞ്ഞു.

'അല്ല നമ്മുടെ തേൻമാവും, വരിക്കച്ചക്കയും നഷ്ടപ്പെടുമോ?' രാജു ചോദിച്ചു.

,ഈ തീററകൊതിയൻ-എടാ അതൊക്കെ ഇനി മാർക്കററിൽ കിട്ടും വെറുതെ തിന്നാമെന്ന് കരുത ണ്ട കൃഷ്ണൻ പറഞ്ഞു.

'എന്നാലും ഈ തോട്ടത്തിൽ കൂടി നടക്കാതെ നമുക്ക് ഉറങ്ങാൻ സാധിക്കുമോ? ഈ തോട്ടത്തി ലെ പക്ഷികളെ കാണാതെ നമുക്ക് ജീവിക്കാനാ വുമോ? വേണു ചോദിച്ചു.

''കഴിഞ്ഞപ്രാവശ്യം സ്കൂൾ പരിസ്ഥിതിയെക്കു റിച്ച് ക്ലാസ്സെടുത്തപ്പോൾ ഇത്തരം വനങ്ങൾ സംര ക്ഷിക്കേണ്ടതും നട്ടുപിടിപ്പിക്കേണ്ടതും അത്യാവ ശ്യമാണെന്ന് പറഞ്ഞിരുന്നല്ലോ നമുക്ക് ഹെഡ്

മാസ്ററെറെകണ്ട് വിവരം പറഞ്ഞാലോ?' പാപ്പിയുടെ നിർദ്ദേശം.

ഈ നാടിൻെറ വളർച്ചക്ക് ഏററവും അത്യാവശ്യമാണ് ഈ ഫാക്ടറിയെന്നാണ് ഉപ്പ പറഞ്ഞത് തൊഴിലില്ലായ്മ പരിഹരിക്കാൻ, പട്ടിണി അകററാൻ ഈ ഫാക്ടറി കൂടിയേതീരു അത്രേ.' സലീം പറഞ്ഞു.

കുട്ടികൾ കളിനിറുത്തി എല്ലാവരുടെയും മുഖത്ത് ദുഃഖം എത്രവേനലിലും ചാടിക്കുളിക്കാവുന്ന പൂന്തേനരുവിയിൽ ചാടാൻ പററില്ല. തോട്ടത്തിലെശീതളതയിൽ ഓടാനും ചാടാനും പററില്ല. രാജു പറഞ്ഞു 'നമുക്ക് ഹെഡ്മാസ്ററെറെകണ്ട് വിവരം പറഞ്ഞാലോ'

'സ്ഥലത്തിൻെറ ഉടമക്ക് സ്വത്ത് എന്തുചെയ്യാനും അവകാശമുണ്ട്. പിന്നെന്തിനാ നമ്മൾ ഹെഡ്മാസ്ററെറ കാണുന്നത്' സലീം ചോദിച്ചു.

എന്നാലും നമ്മളുടെ നാട്ടിൻെറ മുഖച്ഛായ തന്നെ മാറിപ്പോകുമല്ലോ? ഫാക്ടറി വരുമ്പോൾ വളരെയധികം പ്രശ്നങ്ങളും ഉണ്ടാകും. ഇന്നലെ വീട്ടിൽ പപ്പ പറയുന്നതു കേട്ടു.' മേരി പറഞ്ഞു.

എന്തായാലും ഉച്ചക്ക് നമുക്കൊരുമിച്ചു കൂടാം എല്ലാവരും അവരവരുടെ ക്ലാസ്സുകളിലേക്ക് നീങ്ങി

## 2

ഊണ് പെട്ടെന്ന് കഴിഞ്ഞ് കുട്ടികളെല്ലാവരും സ്കൂൾവരാന്തയിൽ ഒരുമിച്ചുചേർന്നു 'കണ്ടോത്തൈസനാരുഹാജിയുടെ തോട്ടത്തിലേപോലെ ഒരു മരമുണ്ടായിരുന്നെങ്കിൽ നമുക്ക് അതിൻെറ ചുവട്ടിൽ ഇരിക്കാമായിരുന്നു' കൃഷ്ണൻകുട്ടിപറഞ്ഞു.

'നമ്മൾ ഇവിടെകൂടിയിരിക്കുന്നത് നമ്മുടെ എല്ലാമായ തോട്ടം നാളെമുതൽ മുറിക്കുകയാണ്. പുന്തേനരുവിയിലെ തണുത്തവെള്ളം ഇനി കിട്ടാതാവും, ചാടിപാടിനടക്കുന്ന പക്ഷികളെ നാളെമുതൽകാണാതാകും. സർവ്വോപരി കുട്ടികളായനമുക്ക് കളിക്കാനും, ഓടാനും സ്ഥലമില്ലാതാകും' സലിംപറഞ്ഞു.

'അയ്യോ– ഇത് സത്യമാണോ' എല്ലാവർക്കും അതിശയം, അതെ നമ്മുടെ നാട്ടിന്റെ ഐശ്വര്യമായ തോട്ടം മുറിച്ച് മാററി അവിടെ ഗ്രാമവാസികളെല്ലാവർക്കും തൊഴിൽ നല്കുവാൻ ഫാക്ടറി ഉണ്ടാക്കുവാൻ പോകുകയാണ്.' സലീം പറഞ്ഞു.

'ഇല്ല അത്സമ്മതിക്കുവാൻ പാടില്ല. നമുക്ക് സമരം ചെയ്യണം'. വേണുപറഞ്ഞു.

'നിനക്കെന്തിനും ഒരു സമരം എന്ന ചിന്തയെ ഉള്ളു. സമരം ചെയ്താൽ കാടുണ്ടാകുമോ, തോട്ടമുണ്ടാകുമോ, രാജു ചോദിച്ചു.

'അവൻ പറഞ്ഞതിലെന്താ തെററ്. നമ്മുക്ക് ശുദ്ധവായുവും പരിസ്ഥിതി സന്തുലനവും നല്കുന്ന തോട്ടം മുറിക്കാൻ പാടില്ല. രാജൻ' പറഞ്ഞു.

'നിങ്ങൾ ഇവിടെ ഇത്രയും ശബ്ദമുണ്ടാക്കിയാലേ ഹെഡ്മാസ്റ്റർ വരും. നമ്മുക്ക് കാര്യങ്ങൾ ഹെഡ്മാസ്റ്ററെ നേരിട്ടറിയിക്കാം. അതിനുമുൻമ്പ് നമ്മുടെ ക്ലാസ്സ് ടീച്ചർ രാജപ്പൻ സാറിനോടും വിവരം പറയാം. ഹെഡ്മാസ്റ്ററുടെ അടുത്ത് വിവരം പറയാൻ രണ്ടോ മൂന്നോ പേർമതി. രാജു സലിം, ടോമി എന്നിവരെ ഹെഡ്മാസ്റ്ററുടെ അടുത്ത് വിവരം അറിയിക്കാനും നാളെ ചെയ്യേണ്ടകാര്യങ്ങളെകുറിച്ച് ആലോചിക്കാനും നിശ്ചയിച്ചു.

മാസ്ററരെക്കണ്ട് വിവരം പറഞ്ഞാലോ?' പാപ്പിയുടെ നിർദ്ദേശം.

ഈ നാടിൻെറ വളർച്ചക്ക് ഏററവും അത്യാവശ്യമാണ് ഈ ഫാക്ടറിയെന്നാണ് ഉപ്പ പറഞ്ഞത് തൊഴിലില്ലായ്മ പരിഹരിക്കാൻ, പട്ടിണി അകററാൻ ഈ ഫാക്ടറി കൂടിയേതീരു അത്രേ. 'സലീം പറഞ്ഞു.

കുട്ടികൾ കളിനിറുത്തി. എല്ലാവരുടെയും മുഖത്ത് ദുഃഖം എത്രവേനലിലും ചാടിക്കുളിക്കാവുന്ന പൂന്തേനരുവിയിൽ ചാടാൻ പററില്ല. തോട്ടത്തിലെശീതളതയിൽ ഒടാനും ചാടാനും പററില്ല. രാജു പറഞ്ഞു 'നമുക്ക് ഹെഡ്മാസ്ററരെക്കണ്ട് വിവരം പറഞ്ഞാലോ'

'സ്ഥലത്തിൻെറ ഉടമക്ക് സ്വത്ത് എന്തുംചെയ്യാനും അവകാശമുണ്ട്. പിന്നെന്തിനാ നമ്മൾ ഹെഡ്മാസ്ററരെ കാണുന്നത്'' സലീം ചോദിച്ചു.

എന്നാലും നമ്മളുടെ നാട്ടിൻെറ മുഖച്ഛായ തന്നെ മാറിപ്പോകുമല്ലോ? ഫാക്ടറി വരുമ്പോൾ വളരെയധികം പ്രശ്നങ്ങളും ഉണ്ടാകും. ഇന്നലെ വീട്ടിൽ പപ്പ പറയുന്നതു കേട്ടു.' മേരി പറഞ്ഞു.

എന്തായാലും ഉച്ചക്ക് നമുക്കൊരുമിച്ചു കൂടാം എല്ലാവരും അവരവരുടെ ക്ലാസ്സുകളിലേക്ക് നീങ്ങി

## 2

ഊണ് പെട്ടെന്ന് കഴിഞ്ഞ് കുട്ടികളെല്ലാവരും സ്കൂൾവരാന്തയിൽ ഒരുമിച്ചുചേർന്നു 'കണ്ടോ അസൈനാരുഹാജിയുടെ തോട്ടത്തിലേപോലെ ഒരു മരമുണ്ടായിരുന്നെങ്കിൽ നമുക്ക് അതിൻെറ ചുവട്ടിൽ ഇരിക്കാമായിരുന്നു' കൃഷ്ണൻകുട്ടിപറഞ്ഞു.

'നമ്മൾ ഇവിടെകൂടിയിരിക്കുന്നത് നമ്മുടെ എല്ലാമായ തോട്ടം നാളെമുതൽ മുറിക്കുകയാണ്. പൂന്തേനരുവിയിലെ തണുത്തവെള്ളം ഇനി കിട്ടാതാവും, ചാടിപാടിനടക്കുന്ന പക്ഷികളെ നാളെ മുതൽകാണാതാകും. സർവ്വോപരി കുട്ടികളായനമുക്ക് കളിക്കാനും, ഓടാനും സ്ഥലമില്ലാതാകും' സലിംപറഞ്ഞു.

'അയ്യോ– ഇത് സത്യമാണോ' എല്ലാവർക്കും അതിശയം, അതെ നമ്മുടെ നാട്ടിന്റെ ഐശ്വര്യമായ തോട്ടം മുറിച്ച് മാററി അവിടെ ഗ്രാമവാസികളെല്ലാവർക്കും തൊഴിൽ നല്കുവാൻ ഫാക്ടറി ഉണ്ടാക്കുവാൻ പോകുകയാണ്.' സലീം പറഞ്ഞു.

'ഇല്ല അത് സമ്മതിക്കുവാൻ പാടില്ല. നമുക്ക് സമരം ചെയ്യണം'. വേണുപറഞ്ഞു.

'നിനക്കെന്തിനും ഒരു സമരം എന്ന ചിന്തയേ ഉള്ളു. സമരം ചെയ്താൽ കാടുണ്ടാകുമോ, തോട്ടമുണ്ടാകുമോ, രാജു ചോദിച്ചു.

'അവൻ പറഞ്ഞതിലെന്താ തെററ്. നമുക്ക് ശുദ്ധവായുവും പരിസ്ഥിതി സന്തുലനവും നല്കുന്ന തോട്ടം മുറിക്കാൻ പാടില്ല. രാജൻ' പറഞ്ഞു.

'നിങ്ങൾ ഇവിടെ ഇത്രയും ശബ്ദമുണ്ടാക്കിയാലേ ഹെഡ്മാസ്റ്റർ വരും നമുക്ക് കാര്യങ്ങൾ ഹെഡ്മാസ്റ്ററെ നേരിട്ടറിയിക്കാം. അതിനുമുൻമ്പ് നമ്മുടെ ക്ലാസ്സ് ടീച്ചർ രാജപ്പൻ സാറിനോടും വിവരം പറയാം. ഹെഡ്മാസ്റ്ററുടെ അടുത്ത് വിവരം പറയാൻ രണ്ടോ മൂന്നോ പേർമതി. രാജു സലിം, ടോമി എന്നിവരെ ഹെഡ്മാസ്റ്ററുടെ അടുത്ത് വിവരം അറിയിക്കാനും നാളെ ചെയ്യേണ്ടകാര്യങ്ങളെകുറിച്ച് ആലോചിക്കാനും നിശ്ചയിച്ചു.

# 3

ഹെഡ്മാസ്റ്ററെ അഭിവാദ്യം ചെയ്ത് കുട്ടികൾ കാര്യങ്ങൾ പറഞ്ഞു. ഹെഡ്മാസ്റ്റർ പറഞ്ഞു-ഞാനുംഅറിഞ്ഞു. ഈ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ വലിയൊരു ഫാക്ടറി നമ്മുടെ നാട്ടിൽ വരികയാണ്. തൊഴിലില്ലാത്ത നമ്മുടെ ജ്യേഷ്ഠൻമാർക്കും ജ്യേഷ്ഠത്തിമാർക്കും തൊഴിൽ നിങ്ങൾക്കെല്ലാം ആവശ്യത്തിന് പണം. അതല്ലേ ആഗ്രഹിക്കുന്നത്. ഇതെല്ലാം ഉണ്ടായാൽ കാട് വേണോ സലിം. ഹെഡ്മാസ്റ്റർ ചോദിച്ചു.

'കാട് വേണംസാർ, മരങ്ങൾ നശിപ്പിച്ചാൽ മനുഷ്യരില്ല. ആയതിനാൽ സാർ ഒരു പോം വഴി കണ്ടെത്തണം. സമരവും, ഫാക്ടറി വരാതിരിക്കുന്നതും അല്ല വേണ്ടത്. ഇത് രണ്ടും ഈ ഗ്രാമത്തിൽ സംഭവിക്കണം' 'സലീമിന്റെ മറുപടിയിൽ ഹെഡ്മാസ്റ്റർ തൃപ്തനായി' ശരി നിങ്ങൾ പൊയ്ക്കൊള്ളൂ' വേണ്ടത് ഞാൻ ചെയ്തുകൊള്ളാം.'

സ്കൂളിൽ രക്ഷിതാക്കളും കുട്ടികളോടൊപ്പം എത്തിച്ചേർന്നിരുന്നു. ഹെഡ്മാസ്റ്ററുടെ പ്രത്യേക നിർദ്ദേശപ്രകാരമായിരുന്നുഅത്. രാവിലെ തന്നെ മീററിംഗ് ആരംഭിച്ചു. പലരും ഫാക്ടറി വന്നാലുള്ള ഗുണം, തൊഴിൽ, സാമ്പത്തികനേട്ടം ഇവയെകുറിച്ച് സംസാരിച്ചു.

ഫാക്ടറിയിലെ മലിന ജലവും, മരം മുറിച്ചാലുണ്ടാകാവുന്ന പ്രശ്നങ്ങളും, ഈ ഗ്രാമവാസികളുടെ ജീവൻ നഷ്ടപ്പെട്ടാലും ഫാക്ടറി വരാൻ പാടില്ലെന്ന് ഒരു കൂട്ടരും സമർത്ഥിച്ചു. ഫാക്ടറി വരുന്നതിനെതിരെ ശക്തമായ സമരമുറകൾ ആരംഭിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

ഈ ഗ്രാമത്തിലെ ആരും എതിർപ്പ് പ്രകടിപ്പി
ക്കാതിരുന്നതുകൊണ്ടും ഏകപക്ഷീയമായി പ
ഞ്ചായത്ത് തീരുമാനം ഉണ്ടായതിനാലുമാണ് താൻ
**ലൈസൻസ് നല്കാൻ** അനുവാദം നല്കിയതെന്ന്
പഞ്ചായത്ത് പ്രസിഡൻറ് അറിയിച്ചു.

ഹെഡ്മാസ്ററർ പറഞ്ഞു. 'നമുക്ക് തർക്കി
ച്ചിട്ട് കാര്യമില്ല ഫാക്ടറിയുംവേണം ഈ നാട്ടി
ലെ പരിസ്ഥിതി പ്രശ്നത്തിന് ഒരു പരിഹാര
വും വേണം. അതിനൊരുമാർഗ്ഗം ആലോചിക്കു
കയാണ് വേണ്ടത്. അത് നമ്മൾ ആലോചിച്ചാൽ
കിട്ടും. എൻെറ സ്കൂളിലെ നാലായിരം കുട്ടിക
ളും, അവരുടെ രക്ഷിതാക്കളും വിചാരിച്ചാൽ ഒ
രുപ്രശ്നവും ഉണ്ടാകില്ല.'

'ഞങ്ങളുടെ തലയിൽ ഒരു ബുദ്ധിയും വരു
ന്നില്ല. കാടുപോകയുമരുത്-ഫാക്ടറി വരുകയും
തൊഴിൽ കിട്ടുകയും പുന്തേനരുവി മലിനമാകുക
യും ചെയ്യരുത്. അതിനൊരു മാർഗ്ഗമാവേണ്ട
ത്'. 'പി. ടി. എ. പ്രസിഡൻറ് പറഞ്ഞു'.

'കൊള്ളാമല്ലോ ഇയാളുടെ നിർദ്ദേശം ഫാക്ട
റിയും കാടും-എടോ കാടു നശിപ്പിച്ചാൽ പിന്നെ
കിട്ടത്തില്ല. ഹെഡ്മാസ്ററർ അവർകൾ എന്തെങ്കി
ലും പദ്ധതികണ്ടിട്ടുണ്ടാകും അതെന്താന്നച്ചാൽ
പറഞ്ഞാൽ ഞങ്ങൾക്കത് സമ്മതമാണ്'. രക്ഷകർ
ത്താക്കളിൽ ഒരാൾ പറഞ്ഞു.

ഹെഡ്മാസ്ററർ പറഞ്ഞു. കാട്‌വേണം കു
ട്ടികളുടെ സങ്കടം മാറണം. നമുക്ക് എന്തുകൊണ്ട്
നമ്മുടെ ഓരോരുത്തരുടേയും വീട്ടുവളപ്പിൽ കഴി
യുന്നത്ര മരം വെച്ചുപിടിപ്പിച്ചുകൂടാ. ഈ സ്
കൂൾകോമ്പൗണ്ടിനുചുററും പഞ്ചായത്തിൻെറകൈ
യിലുള്ള റവന്യൂഭൂമിയിൽ എല്ലാം മരം വെച്ചുപി

ടിപ്പിക്കുക. ഇന്നത്തെ നൂറേക്കറിനുപകരം അഞ്ചു റേക്കർ മരം നമുക്ക് വെച്ചുപിടിപ്പിക്കാം. കൂടാതെ പത്തോ ഇരുപതോ വർഷം കഴിയുമ്പോൾ ഈ ഗ്രാമത്തിലെ ഓരോ ആൾക്കും നല്ലൊരുതുക വരുമാനവും ലഭിക്കും

ഒരു മരം മുറിക്കുന്നതിനുമുമ്പ് രണ്ടു മരം വെച്ചുപിടിപ്പിക്കണം ഫാക്ടറിയിലെ മലിനജലം പൂന്തേനരുവിയിൽ ഒഴുക്കാതിരിക്കാനും, പരിസരമലിനീകരണം തടയുവാനും പഞ്ചായത്ത് ശ്രമിക്കണം-ശ്രദ്ധിക്കണം. നമ്മുടെ മക്കളുടെ ജീവിതം സന്തോഷകരമാക്കുവാൻ വേണ്ടതെല്ലാം നമ്മൾ ചെയ്യണം.'മരം ഒരു വരമാണ്'. അത് കൂടുതൽ എല്ലാവർഷവും രണ്ടോ മൂന്നോ എണ്ണം വീതം നട്ടുവളർത്തുവാൻ നമ്മൾ ശ്രമിച്ചേതീരൂ ഈ വർഷം ഈ സ്കൂൾ വളപ്പും വെറുതെ കിടക്കുന്ന സ്ഥലങ്ങളും നമുക്ക് മരംവെച്ചുപിടിപ്പിക്കാം എന്താ എല്ലാവർക്കും സമ്മതമല്ലേ.

തീർച്ചയായും ഞങ്ങളുടെ വീട്ടുവളപ്പിൽ മരം നട്ടു വളർത്തുവാൻ ഞങ്ങൾ ശ്രമിക്കും-ചെയ്യും. രക്ഷകർത്താക്കൾ പറഞ്ഞു.

യോഗം പിരിഞ്ഞു. സലീമും രാജുവും രാജനും, മേരിയും റീത്തയും, പീററും പറഞ്ഞു. ഇപ്പോൾ നമുക്ക് ഒരു തോട്ടമേ ഉണ്ടായിരുന്നുള്ളു; ഇനി നമ്മുടെ നാട്ടിലെല്ലാം ധാരാളം തോട്ടങ്ങൾ. നമുക്ക് അതു കാത്തു രക്ഷിക്കാം. കുട്ടികൾ അയ നമ്മൾ ഉത്സാഹിച്ചാൽ നടക്കാത്തതായി ഒന്നുമില്ല. മരംഒരു വരം സിന്ദാബാദ്.

*ഫാക്ടറി വരാൻ വേണ്ടി* നമ്മൾ കാത്തിരിക്കാതെ മരങ്ങൾ വെച്ചു പിടിപ്പിക്കുവാൻ നമ്മുടെ അടുത്ത സ്കൂളിലെ കുട്ടികളെയും അറിയിക്കണം.

ഈ ആശയം എല്ലാ സ്കൂളിലും എത്തണം. പഠനത്തോടൊപ്പം നമുക്ക് നല്ല കാര്യങ്ങൾ ചെയ്യുവാനും സാധിക്കുമല്ലോ. വേണു പറഞ്ഞു.

'ഓ-അവന്റെ സമരമെല്ലാം എത്രപെട്ടെന്നാ പോയത്. മിടുക്കൻ-നമുക്ക് മരങ്ങൾ വെച്ചുപിടിപ്പിക്കുവാൻ നമ്മുടെ നാട്ടിലെ വനവിജ്ഞാനകേന്ദ്രവുമായി ബന്ധപ്പെടാം. അവർ വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കുമെന്ന് പപ്പ കഴിഞ്ഞദിവസം പറയുന്നതുകേട്ടു.. പീറ്റർ പറഞ്ഞു.

തീർച്ചയായും മരങ്ങൾ നട്ടുപിടിപ്പിക്കാനും അതുസൂക്ഷിക്കാനും അറിവുലഭിക്കും എന്നതും സന്തോഷകരം. ഇതൊക്കെ എന്തിയേ ആരുംപറയാതിരുന്നത്.' രാജുവിന് അതിശയം.

നമുക്ക് നമ്മുടെ സ്കൂളിൽ, നമ്മുടെ ഓരോരുത്തരുടെ വീട്ടിൽ മരം വെച്ചുപിടിപ്പിക്കൽ ആരംഭിക്കാം. ഒപ്പം അയൽ സ്കൂളുകളിലും-സലീം പറഞ്ഞു തീർച്ചയായും നമ്മൾ ജയിക്കും-മരം ഒരു വരമായി നമ്മോടൊത്തുണ്ടാകും. കുട്ടികൾ വീടുകളിലേക്ക് മടങ്ങി.